"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - മെഡിക്കൽ ഗ്രൗണ്ടിൽ അല്ലാതെ ശൂന്യവേതനാവധി പുനഃപരിശോധന - ആലപ്പുഴ നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.വിദ്യ എസ്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഒ.എ 2149/2021 നമ്പർ കേസിലെ 26.09.2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1130/2024/LSGD തീയതി,തിരുവനന്തപുരം, 25-06-2024

---

പരാമർശം:-

1. 29.05.2018 തീയതിയിലെ സ.ഉ(സാധാ) നം.1470/2018/തസ്വഭവ.
2. ശ്രീമതി.വിദ്യ എസ്. സമർപ്പിച്ച 08.01.2021 തീയതിയിലെ അപേക്ഷ (അനക്ഷർ എ6 )
3. ശ്രീമതി.വിദ്യ എസ്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഒ.എ 2149/2021 നമ്പർ കേസിലെ 26.09.2023 തീയതിയിലെ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.04.2024 തീയതിയിലെ LSGD/PD/11918/2024-LL2 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.വിദ്യ എസ്-ന് 22.03.2017 മുതൽ 10.11.2017 വരെ മെഡിക്കൽ ഗ്രൗണ്ടിൽ അല്ലാതെ ശൂന്യവേതനാവധി അനുവദിച്ച 29.05.2018 തീയതിയിലെ പരാമർശം 1 ഉത്തരവ് പുനഃപരിശോധിക്കുന്നതിനായി പരാമർശം 2 പ്രകാരം നഗരകാര്യഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.വിദ്യ എസ്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഒ.എ 2149/2021 നമ്പർ കേസിലെ 26.09.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷക വകുപ്പിൽ സമർപ്പിച്ചിരുന്ന അനക്ഷർ എ6 അപേക്ഷ പരിശോധിച്ച് 3 മാസത്തിനുള്ളിൽ തീരുമാനമെടുക്കാൻ ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ആലപ്പുഴ നഗരസഭയിലെ സീനിയർ ക്ളർക്ക് ശ്രീമതി.വിദ്യ എസ് 22.03.2017 മുതൽ 10.11.2017 വരെ (233 ദിവസം) ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അവധി അനുവദിക്കുന്നതിനായി ടിയാളുടെ അവധി അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ 17.02.2018 ലെ കത്ത് പ്രകാരം നഗരകാര്യഡയറക്ടർ ലഭ്യമാക്കിയിരുന്നു. അതിൻപ്രകാരം സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, രണ്ടാം വൈദ്യപരിശോധനക്കുള്ള അവസരം നഷ്ടപ്പെട്ടതിനാൽ

ശ്രീമതി.എസ്. വിദ്യയ്ക്ക് 22.03.2017 മുതൽ 10.11.2017 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർഗ്രേഡ്, ആർജ്ജിതാവധി എന്നിവക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

3. ശ്രീമതി വിദ്യ എസ്, സീനിയർ ക്ലാർക്ക് സമർപ്പിച്ച പരാമർശം 2(അനക്ഷർ എ6) അപേക്ഷ പ്രകാരം, 22.03.2017 മുതൽ 10.11.2017 വരെയുള്ള തന്റെ ചികിത്സാകാലയളവിൽ തനിക്ക് പരസഹായം കൂടാതെ എഴുന്നേറ്റ് നിൽക്കാൻ പോലും കഴിയാത്ത അവസ്ഥയിലായിരുന്നുവെന്നും തന്റെ എല്ലാ സാഹചര്യങ്ങളും കാണിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റുകളടക്കം താൻ അപേക്ഷ സമർപ്പിച്ചിരുന്നതാണെന്നും അനുവദിച്ച അവധിയിൽ രണ്ടാം വൈദ്യപരിശോധനയ്ക്ക് അവസരം നഷ്ടപ്പെട്ടു എന്ന വിവരം ടി ഉത്തരവ് ലഭിച്ചപ്പോൾ മാത്രമാണ് ടിയാൾ അറിഞ്ഞതെന്നും, ഇത് സംബന്ധിച്ച് തനിക്ക് ഔദ്യോഗികമായി വിവരം ലഭിക്കാതിരുന്നതും ടി അപാകതയ്ക്ക് കാരണമായി കാണുന്നതായും, രോഗത്തിന്റെ അവശതകളാൽ കഷ്ടപ്പെടുന്ന തന്റെ ദുരവസ്ഥ ബോധ്യപ്പെട്ടു അവധി ഉത്തരവ് പുനഃപരിശോധിക്കണമെന്നും, തനിക്ക് അനുവദിച്ച അവധി, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തോടെ അനുവദിച്ച് സേവന ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് കിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷയിൽ ടിയാരി ആവശ്യപ്പെട്ടിരുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ശ്രീമതി വിദ്യ എസ് സമർപ്പിച്ച 08/01/2021 ലെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അവധി കാലയളവ് ഒരു സർവീസ് ആനുകൂല്യത്തിനും കണക്കാക്കാറില്ല എന്നത് ശൂന്യവേതനാവധിയുടെ കാതലായ തത്വമാണ്. ശൂന്യവേതനാവധി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അനുവദിക്കുമ്പോഴാണ് ഇതിൽ നിന്നും വ്യത്യസ്തമാകുന്നത്. സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതന അവധി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി പരിശോധിച്ച് വകുപ്പ തലവൻ സർക്കാരിലേക്ക് അയക്കേണ്ടതാണെന്ന് 14/06/1994 ലെ സർക്കുലർ നം. 36/844/ധന യിൽ നിഷ്കർഷിച്ചിട്ടുള്ളത്. മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചതുകൊണ്ട് മാത്രം ഒരു ഉദ്യോഗസ്ഥന് അവധിയ്ക്കുള്ള യാതൊരു അവകാശവും സിദ്ധിക്കുന്നില്ല എന്ന് കെ. എസ്. ആർ. ഭാഗം ഒന്ന്, ചട്ടം 107 ന് ചുവടെയുള്ള നോട്ട് 1 ൽ സംശയത്തിനിടനൽകാതെ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും അവധി അനുവദിക്കുന്ന അധികാരിയുടെ വിവേചനാധികാരമാണ് പ്രധാനം എന്ന് വ്യക്തമാണ്. അതിന് പുറമേ 06.01.1994 ലെ Memorandum No. 98079/SD3/65/PD പ്രകാരം piecemeal ആയി അവധി അപേക്ഷകൾ സമർപ്പിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

6. എന്നാൽ 14.06.1994ലെ സർക്കുലർ നം. 36/94/ധന യിൽ നിഷ്കർഷിക്കുന്ന രണ്ടാം വൈദ്യപരിശോധന ഈ കേസിൽ നടന്നിട്ടില്ല എന്നതിനാലും, അപേക്ഷക സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളും ചട്ടപ്രകാരമുള്ളതാണെങ്കിലും വിവിധ ഘട്ടങ്ങളിലായാണ് ടിയാൾ അവധി അപേക്ഷ സമർപ്പിച്ചിരുന്നത് എന്നതിനാൽ സമയബന്ധിതമായി ചട്ടപ്രകാരമുള്ള രണ്ടാം വൈദ്യപരിശോധന നടത്തുവാൻ സാധിച്ചില്ല

എന്നതിനാലുമാണ് 22.03.2017 മുതൽ 10.11.2017 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനഅവധി അനുവദിച്ച് ഉത്തരവായിരുന്നത്. ചട്ടപ്രകാരമുള്ള ഈ നിലപാടാണ് സമാന കേസുകളിൽ സർക്കാർ കൈക്കൊള്ളുന്നത്. ആയതിനാൽ 29.05.2018-ലെ ഉത്തരവ് പുന:പരിശോധിക്കാവുന്നതല്ലായെന്ന് കാണുന്നു.

7. മേൽവ്യക്തമാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.എസ്. വിദ്യയ്ക്ക് 22.03.2017 മുതൽ 10.11.2017 വരെ, കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച ഉത്തരവ് പുനഃപരിശോധിക്കണമെന്ന അനക്ഷർ എ6 അപേക്ഷയിലെ ആവശ്യം പരിഗണനാർഹമല്ലാത്ത സാഹചര്യത്തിൽ ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

8. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ ഒ.എ 2149/2021 നമ്പർ കേസിലെ 26.09.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( A & E/ Audit), കേരളം, തിരുവനന്തപുരം
ശ്രീമതി.എസ്. വിദ്യ.എസ്., സീനിയർ ക്ലർക്ക്, ആലപ്പുഴ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-06-2024 14:41:26
സെക്ഷൻ ഓഫീസർ